**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **12-02-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി രണ്ട് എസ്റ്റേറ്റിലേയും ഭൂമികൾ തത്വത്തിൽ ഏറ്റെടുത്തിട്ടുള്ള വിജ്ഞാപനം 04.10.2024 – ൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>KIIFCON - നെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്/ എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും ഭാവിയിൽ ഒരുനില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിലുമായിരിക്കും കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുക. ടൗൺഷിപ്പിൽ അംഗൻവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യസംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ട ലിസ്റ്റിലും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാം ഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമെ നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ത്രിതല സംവിധാനമാണ് പുനരധിവാസ പദ്ധതി നടപ്പിലാക്കാൻ ഉണ്ടാവുക. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വയനാട് പുനർനിർമ്മാണ സമിതിക്കായിരിക്കും പദ്ധതിയുടെ നേതൃത്വം. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഏകോപന സമിതിയും കളക്ടറുടെ നേതൃത്വത്തിലുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണറ്റുമാണ് ഇതിന്റെ ഭാഗമായി പ്രവർത്തിക്കുക. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവും പ്രധാന സ്പോൺസർമാരും മന്ത്രിമാരും ഉൾപ്പെടുന്ന ഉപദേശക സമിതി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേന്മയും ചീഫ് സെക്രട്ടറി അധ്യക്ഷതയിലുള്ള സമിതി ഉറപ്പുവരുത്തും. |
| (ബി) | ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കാൻ ഏതു സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; ടെൻഡർ നടപടിയിലൂടെയാണോ പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തതെന്ന് അറിയിക്കുമോ; | (ബി) | ടൗൺഷിപ്പ് പദ്ധതിയുടെ ഭരണ വകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും, പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി തുക) യഥാർത്ഥ ചെലവ് ലാഭരഹിത-നഷ്ടരഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ടൗൺഷിപ്പ് നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയ സ്ഥാപനം വീട് നിർമ്മാണത്തിന് വകയിരുത്തിയ തുക മാർക്കറ്റ് നിരക്കിനേക്കാൾ അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഒരു വീടിന് ചിലവാകുന്ന തുക അന്തിമമായി ഇതുവരെയും നിർണ്ണയിച്ചിട്ടില്ല. വീട് നിർമ്മാണത്തിന് വരുന്ന ചിലവിനെ സംബന്ധിച്ച RCC പ്രകാരം നിർമ്മിക്കുന്ന സിങ്കിൾ വീടിന്റെ എസ്റ്റിമേറ്റ് മാത്രമാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. ഏറ്റെടുക്കുന്ന എസ്റ്റേറ്റുകളിൽ പ്രവേശിച്ച് മണ്ണ് പരിശോധന, വീട് നിർമ്മിക്കുന്ന ഭൂമിയുടെ സ്വഭാവം എന്നിവ തയ്യാറാക്കി വരികയാണ്. ടൗൺഷിപ്പിൽ നിർമ്മിക്കുന്ന വീട് ഒഴികെയുള്ള മുഴുവൻ അനുബന്ധ പ്രവർത്തനങ്ങളും സർക്കാർ നേരിട്ട് നൽകും എന്ന് തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക കൂടി ലഭ്യമാകുമ്പോഴേ ആകെ വരുന്ന ചിലവ് പൂർണ്ണമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | സ്ഥലം ഏറ്റെടുക്കൽ നടപടിയിലെ പ്രതിസന്ധി പരിഹരിച്ച് പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) | മുണ്ടക്കൈ, ചൂരൽമല ദുരിതബാധിതരുടെ പുനരധിവാസത്തിനായി കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റ് എന്നിവ സർക്കാരിന് ഡിസാസ്റ്റർ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ആക്ട് 2005 പ്രകാരം ഏറ്റെടുക്കാവുന്നതാണെന്നും എന്നാൽ ഭൂമിയുടെ നിലവിലെ കൈവശ കക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ WP(C) 36436/2024, WP(C) 36125/2024 എന്നീ കേസുകളിലെ 27.12.2024 ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 05.02.2025 തീയതിയിൽ ഒരു യോഗം ചേർന്ന് പുനരധിവാസ പദ്ധതി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ